"മാതൃഭാഷ - മലയാളം"

# കേരള സർക്കാർ

## പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്.2/23/2021/പൊഭ.വ. തീയതി, തിരുവനന്തപുരം: 05.07.2021.

### പരിപത്രം

വിഷയം :- പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് - സെക്രട്ടറിയറ്റിന്റെ സുരക്ഷാ സംവിധാനം - ജീവനക്കാരുടെയും സന്ദർശകരുടെയും ആഗമന നിഗമനവുമായി ബന്ധപ്പെട്ട് - പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- ഈ വകുപ്പിലെ 30.11.2020, 06.02.2021 എന്നീ തീയതികളിലെ എസ്.എസ്.2/48/2020/പൊ.ഭ.വ. നമ്പർ പരിപത്രം

*******************

സെക്രട്ടേറിയറ്റിന്റെ സുരക്ഷാ സംവിധാനം നിലനിർത്തിക്കൊണ്ട് ജീവനക്കാരുടെയും സന്ദർശകരുടെയും സെക്രട്ടേറിയറ്റിലേക്കും പുറത്തേയ്ക്കുമുള്ള സഞ്ചാരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വി.ഐ.പി വാഹനങ്ങളും സർക്കാർ വാഹനങ്ങളും സെക്രട്ടേറിയറ്റ് വാഹന പാസ്സ് പതിച്ചിട്ടുള്ള ജീവനക്കാരുടെ വാഹനങ്ങളും കന്റോൺമെന്റ് ഗേറ്റുവഴി അകത്തേയ്ക്കും പുറത്തേയ്ക്കും കടക്കാവുന്നതാണ്. ഇരുചക്രവാഹനങ്ങൾ കാന്റീൻ ഗേറ്റ് വഴിയും അകത്തേക്ക് കടക്കാവുന്നതാണ്.

2. 2021 സെപ്തംബർ 30 ന് മുമ്പായി എല്ലാ ജീവനക്കാരും വാഹനങ്ങളിൽ സെക്രട്ടറിയറ്റ് പാസ്സ് കരസ്ഥമാക്കേണ്ടതാണ്. വാഹനപാസ്സ് പതിക്കാത്ത ജീവനക്കാരുടെ വാഹനങ്ങളുടെ പ്രവേശനം അനുവദിക്കുന്നതല്ല.

3. കാൽനടയായി സെക്രട്ടേറിയറ്റിലേക്കും പുറത്തേയ്ക്കും സഞ്ചാരിക്കുന്ന ജീവനക്കാർ കന്റോൺമെന്റ് വി.എഫ്.സി.യും കന്റോൺമെന്റ് ഗേറ്റിനോട് ചേർന്നുള്ള ചെറിയ ഗേറ്റും ഉപയോഗപ്പെടുത്തേണ്ട താണ്.

4. വാഹനങ്ങളുടെ പുറത്തേയ്ക്ക് മാത്രമുള്ള സഞ്ചാരവും, ഇരുചക്രവാഹനങ്ങളുടെ അകത്തേക്കും പുറത്തേക്കുള്ള സഞ്ചാരവും ജീവനക്കാരുടെയും സന്ദർശകരുടെയും അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള കാൽനടയായിട്ടുള്ള സഞ്ചാരവും കാന്റീൻ ഗേറ്റ് (YMCA ഗേറ്റ്) മുഖേന അനുവദിക്കുന്നതാണ്.

5. എല്ലാ ജീവനക്കാരും തിരിച്ചറിയൽകാർഡ് സുരക്ഷാജീവനക്കാർക്ക് കാണത്തക്ക രീതിയിൽ കഴുത്തിൽ ധരിക്കേണ്ടതാണ്. തിരിച്ചറിയൽ കാർഡ് ധരിക്കാത്ത ജീവനക്കാർ സുരക്ഷാപരിശോധന കൾക്ക് വിധേയമാകേണ്ടിവരും.

6. ആഭ്യന്തര വകുപ്പിൽ സർട്ടിഫിക്കറുകൾ സാക്ഷ്യപ്പെടുത്തുന്നതിനായി വരുന്ന സന്ദർശകരെ സൗത്ത് സന്ദർശനസഹായകേന്ദ്രം (South VFC) വഴി പാസ് നൽകി അകത്തേക്ക് കയറ്റി വിടേണ്ടതാണ്.

7. മന്ത്രിമാരുടെയും വകുപ്പ് തലവൻമാരുടെയും ഓഫീസുകളിലേക്കുള്ള സന്ദർശകരെ, സന്ദർശനം സംബന്ധിച്ച അനിവാര്യമായ രേഖകൾ പരിശോധിച്ചതിനുശേഷമോ അല്ലെങ്കിൽ അണ്ടർ സെക്രട്ടറി പദവിക്കും അതിനു മുകളിലുമുള്ള ഒരു ഉദ്യോഗസ്ഥന്റെ ശുപാർശയിലൂടെയോ മാത്രമേ സന്ദർശക കേന്ദ്രങ്ങളിൽ നിന്നും സന്ദർശകർക്ക് പ്രവേശനപാസ്സ് അനുവദിക്കാവൂ. ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേര് പാസ്സിലും പാസ്സ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും സന്ദർശകൻ ശിപാർശയില്ലാതെ വരുന്നുണ്ടെങ്കിൽ സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന ഓഫീസിൽ വിളിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രം പാസ് അനുവദിക്കേണ്ടതാണ്. സെക്രട്ടറിയറ്റ് മെയിൻ ബ്ലോക്കിൽ വരുന്ന സന്ദർശകരെ ഒരു സന്ദർശക കേന്ദ്രത്തിൽ നിന്നും മറ്റൊരു സന്ദർശക കേന്ദ്രത്തിലേക്ക് പ്രവേശന പാസിനായി അയക്കുന്ന രീതി ഉണ്ടാകരുത്.

എല്ലാ ജീവനക്കാരും മേൽ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതും ക്രമീകരണങ്ങളോട് സഹകരിക്കേണ്ടതുമാണ്.

**കെ. ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും
സ്പെഷ്യൽ/അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി/അണ്ടർ സെക്രട്ടറിമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും (ഇ-ഓഫീസ് മുഖാന്തിരം)
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പൊതുഭരണ (സന്ദർശ സഹായ കേന്ദ്രം) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്
സെക്രട്ടേറിയറ്റിലെ ചീഫ് സെക്യൂരിറ്റി ഓഫീസർ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ